ओ३म्

# ദയാനന്ദ സന്ദേശം

*വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം*

**വൈദിക-ദാർശനിക മാസിക**

**ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)**

**വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!**



**പുസ്തകം : 1 ലക്കം 2 വേദ സൃഷ്ടി സംവത്സരം 1972949114 കലിവർഷം 5115 ശ്രാവണം–ഭാദ്രപദം 1188 കർക്കിടകം–ചിങ്ങം 2013 ആഗസ്റ്റ്**



## മുഖവാണി

### വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ

**ശ്രാ**വണമാസം (ആഗസ്റ്റ്) ആർഷ ഭാരതചരിത്രത്തിലെ വളരെ മഹത്ത്വമേറിയ ഒന്നാണ്. സനാതന വൈദികപർവ്വമായ ശ്രാവണി ഉപാകർമ്മം (ആവണി അവിട്ടം), യോഗേശ്വരനായ ശ്രീ കൃഷ്ണന്റെ ജന്മദിനം, രക്ഷാബന്ധൻ, സ്വാതന്ത്ര്യദിനം, മഹർഷി അരവിന്ദൻ, ശ്രീ നാരായണഗുരു തുടങ്ങിയ മഹാപുരുഷന്മാരുടെ ജയന്തികൾ എല്ലാം വരുന്നത് ഈ മാസത്തിലാണ്. ദേശീയ നവോത്ഥാന പ്രസ്ഥാനമായ ആര്യസമാജത്തിന്റെ നേതൃത്വത്തിൽ നടന്ന ചരിത്രപ്രസിദ്ധമായ ഹൈദരാബാദ് പ്രക്ഷോഭവും വിജയകരമായ പരിസമാപ്തിയിലെത്തിയത് ഈ സമയത്തായിരുന്നു.

ശ്രാവണി ഉപാകർമ്മം മുതൽ ശ്രീകൃഷ്ണ ജയന്തിവരെയുള്ള ഒരാഴ്ച (ഈ വർഷത്തിൽ ആഗസ്റ്റ് 21 മുതൽ 28 വരെയാണ്) വേദപ്രചാരമാസമായാണ് ആര്യസമാജം ആചരിക്കുക പതിവ്. ദേശ-വിദേശങ്ങളിലും നടക്കാറുണ്ടിത്. ശ്രാവണി ഉപാകർമ്മത്തിന് വൈദികവിധിയനുസരിച്ചുള്ള പ്രത്യേകയജ്ഞവും പുതിയ യജ്ഞോപവീതധാരണവും നടക്കും. ഹൈദരാബാദ് സത്യാഗ്രഹത്തിൽ പങ്കെടുത്ത് വീരമൃത്യു വരിച്ച ആര്യവീരന്മാർക്ക് ശ്രാദ്ധാഞ്ജലി അർപ്പിക്കുന്ന ചടങ്ങ് തുടർന്ന് നടക്കും. വേദപ്രചാര വാരത്തിന്റെ ഭാഗമായി വൈദിക വിഷയങ്ങളുടെ സ്വാദ്ധ്യായം, ചർച്ചകൾ, സെമിനാറുകൾ, പ്രശ്നോത്തരി മൽസരങ്ങൾ തുടങ്ങിയവയും നടക്കാറുണ്ട്. സമാപന ദിവസമായ ശ്രീകൃഷ്ണജയന്തിക്ക് വിശേഷാൽ യജ്ഞത്തിനു ശേഷം യോഗേശ്വരനായ ശ്രീകൃഷ്ണന്റെ ജീവിതത്തിൽ നിന്ന് പ്രേരണയുൾക്കൊള്ളുന്നതിനു പ്രചോദനം നൽകുന്ന പ്രഭാഷണങ്ങളും കലാ-കായിക മൽസരങ്ങളും നടത്തും.

ആര്യസമാജത്തിന്റെ മുഖ്യലക്ഷ്യം വേദപ്രചാരണമാണ്. സനാതന ധർമ്മത്തിന്റെ അടിസ്ഥാന ഗ്രന്ഥങ്ങളായ വേദങ്ങൾ എല്ലാ ഭവനങ്ങളിലും ഉണ്ടാവണം. വേദാദ്ധ്യായനവും നടക്കണം. ഇതിനുള്ള ഒരു തുടക്കമാവട്ടെ ഈ വർഷത്തെ വേദപ്രചാരവാരം. ദയാനന്ദസന്ദേശത്തിന്റെ വായനക്കാർക്കെല്ലാം സ്വാതന്ത്ര്യദിനാശംസകൾ നേർന്നുകൊള്ളുന്നു. വേദപ്രചാരവാരത്തിൽ പങ്കാളികളാവാൻ എല്ലാവരേയും സ്വാഗതം ചെയ്യുന്നു. വേദം പറയുന്നു 'വയം രാഷ്ട്രേ ജാഗൃയാമ പുരോഹിതാഃ' (യജുർവ്വേദം 9-23) എല്ലാവർക്കും ഹിതകാരിയായ നമ്മൾ രാഷ്ട്രത്തേ നിരന്തരം ജാഗൃതരാക്കാം എന്ന്.

**പത്രാധിപർ**

## വേദാദ്ധ്യയനം



*ഋഷിഃ മധുച്ഛന്ദാഃ, ദേവതാ ഇന്ദ്രവായൂ; ഛന്ദഃ*
*നിചൃത് ഗായത്രീ, സ്വരഃ ഷഡ്ജഃ*
*വായവിന്ദ്രശ്ച സുന്വത ആ യാതമുപ*
*നിഷ്കൃതമ്| മക്ഷ്വിത്ഥാ ധിയാ നരാ ||*
*(ഋഗ്വേദം 1.2.6)*

**പദാർത്ഥം:** (വായോ) എല്ലാവരുടേയും അന്തര്യാമിയായ ഈശ്വരാ! എങ്ങിനെയാണോ അങ്ങയാൽ ധാരണം ചെയ്യപ്പെട്ട (നരാ) ലോകത്തിലെ സർവ്വപദാർത്ഥങ്ങളെയും പ്രാപിക്കാനുതുകന്ന (ഇന്ദ്രശ്ച) അന്തരിക്ഷത്തിൽ സ്ഥിതി ചെയ്യുന്ന സൂര്യന്റെ പ്രകാശവും ചൂടും അതേ പോലെ, ഇന്ദ്രിയ എന്നത് വ്യാകരണസൂത്രമനുസരിച്ച് ഇന്ദ്രശബ്ദത്തിൽ നിന്ന് ജീവിനും 'പ്രാണോ' എന്നതിൽനിന്ന് വായുശബ്ദവുമെടുത്ത് പ്രാണൻ എന്നും ഗ്രഹിക്കണം. (മക്ഷു) ശ്രീഘ്രഗമനത്താൽ (ഇത്ഥാ) ധാരണവും പാലനവും വൃദ്ധിപ്പെടുകയും ക്ഷയിക്കുന്നതുമൂലം സോമം തുടങ്ങിയ ഓഷധികളുടെ രസത്തേ (സുന്വത:) ഉത്പാദിപ്പിക്കുന്നു. അത്തരത്തിൽ (നരാ) ശരീരത്തിൽ വസിക്കുന്ന ജീവനും പ്രാണനും ആ ശരീരത്തിൽ എല്ലാ ധാതുക്കളുടേയും രസത്തേ ഉദ്പാദിപ്പിച്ച് (ഇത്ഥാ) ധാരണ-പാലന വൃദ്ധിക്ഷയങ്ങളാൽ (മക്ഷു) സർവ്വഅംഗങ്ങളേയും ശീഘ്രം പ്രാപിച്ച് (ധിയാ) ധാരണം ചെയ്യുന്നു. ബുദ്ധിയും കർമ്മങ്ങളാൽ (നിഷ്കൃതമ്) കർമ്മഫലങ്ങളേ പ്രാപിക്കുകയും ചെയ്യുന്നു.

**ഭാവാർത്ഥം:** ബ്രഹ്മാണ്ഡത്തിൽ സ്ഥിതി ചെയ്യുന്ന സൂര്യനും വായുവും സാംസാരിക പദാർത്ഥങ്ങളെ പുറത്തുനിന്നും ജീവാത്മാവും പ്രാണനും ശരീരത്തിന്റെ ഉള്ളിലെ അംഗങ്ങളെ എല്ലാ പ്രകാരത്തിലും പ്രകാശിപ്പിക്കുകയും പുഷ്ടിപ്പെടുത്തുകയും ചെയ്യുന്നു. ഈശ്വരന്റെ ആധാരശക്തി എല്ലായിടത്തും എത്തുന്നു.

*(മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽ നിന്ന്*
*തർജ്ജമ : കെ.എം. രാജൻ)*

## വിചാര വിപ്ലവത്തിന് പ്രചോദനം ആര്യസമാജം

മഹർഷി ദയാനന്ദ് ആംഗ്ലോ വേദിക് സ്കൂളിൽ ഞങ്ങൾക്ക് പഠിക്കാൻ അവസരം ലഭിച്ചു. ഞങ്ങളുടെ (വിപ്ലവകാരികളുടെ) വിചാരങ്ങൾക്കും മാനസിക ഉന്നതിയുടെ നിർമ്മാണത്തിനും ഏറ്റവും അധികം പ്രചോദനം ലഭിച്ചത് ആര്യസമാജത്തിൽ നിന്നാണ്. ഇക്കാര്യത്തിൽ ഞങ്ങളെല്ലാവരും ആര്യസമാജത്തോട് കടപ്പെട്ടിരിക്കുന്നു.

**വീരബലിദാനി സർദാർ ഭഗത്സിംഗ്**

**മനുർഭവ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# യജ്ഞത്തിന്റെ വൈജ്ഞാനിക വിശ്ലേഷണം

*ഡോ.രാംപ്രകാശ്*



**(ഡോ.** രാംപ്രകാശിന്റെ 'യജ്ഞ വിമർശം എന്ന പുസ്തകത്തിൽ നിന്നുള്ള ഒരു ഭാഗമാണിത്.')

– പത്രാധിപർ

**ഉ**ത്തമപദാർത്ഥങ്ങൾ ഭക്ഷിക്കാതെ അത് തീയിലിട്ട് കത്തിച്ച് കളയുന്നത് അനുചിതമാണെന്ന് കുറെ ആളുകൾ വിശ്വസിക്കുന്നു മഹർഷി ദയാനന്ദൻ ഇതിനുത്തരം നൽകിയിരുക്കുന്നത് ഇങ്ങിനെയാണ്. പദാർത്ഥവിദ്യ അറിയാമായിരുന്നെങ്കിൽ നിങ്ങൾ ഇങ്ങിനെ പറയുകയില്ലായിരുന്നു. കാരണം ഒരു ദ്രവ്യവും നശിച്ച് അഭാവം ഗ്രസ്തമാകുന്നില്ല.

ശാസ്ത്രീയമായ ഒരുത്തരം തന്നെയാണിത്. അഭാവത്തിൻ നിന്ന് ഭാവം ഉണ്ടാവുകയില്ല. അതുപോലെതന്നെ ഭാവത്തേ അഭാവമാക്കി മാറ്റാനു കഴിയുകയില്ല. ശാസ്ത്രങ്ങളിൽ എഴുതിയിരിക്കുന്നത് നോക്കൂ.

*'നാസ്ത ആത്മലാഭ : ന സത ആത്മഹാനം'*


അതായത് ഇല്ലാത്തത് ഒരിക്കലും ഉണ്ടാവുകയില്ല. ഉള്ളത് മുന്നോട്ട് പോയ്ക്കൊണ്ടേയിരിക്കും. അസ്തിയിൽ നിന്ന് അസ്തിയുണ്ടാകും. നാസ്തിയിൽ നിന്ന് യാതൊന്നും ഉണ്ടാവുകയില്ല. പ്രകൃതി അനാദിയും അനന്തവുമാണെന്ന് സയൻസ് "Law of Consideration of Mass' എന്ന നിയമം കൊണ്ട് തെളിയിച്ചിരിക്കുകയാണ്. ഈ നിയമമനുസരിച്ച് രാസപ്രക്രിയ നടക്കുന്ന പദാർത്ഥത്തിന്റെ ആകെത്തുക മാറുകയില്ല.

അഗ്നിയിൽ ആഹുതി ചെയ്യുന്നതുകൊണ്ട് നഷ്ടം ഒന്നുമില്ല. ലാഭമേയുള്ളു. അഗ്നിയിൽ ഇടപ്പെടുന്ന വസ്തു അതിന്റെ സ്ഥൂലരൂപം നശിച്ച് സൂക്ഷ്മമായി തീരുന്നു. യജുർവ്വേദം 1/8 ൽ 'ധൂരസി' ശബ്ദം പ്രയോഗിച്ചിരിക്കുന്നത് ഈ അർത്ഥത്തിലാണ്. ഭൗതിക അഗ്നി ഹോമദ്രവ്യങ്ങളെ വിഘടിപ്പിച്ച് പരമാണുരൂപത്തിലാക്കി വായുവിനോടും ജലത്തോടും ചേർത്ത് അന്തരീക്ഷം ശുദ്ധമാക്കുന്നു. ഇത് നമുക്ക് അനുഭവമുള്ള കാര്യമാണ്. ഒരു പാത്രം നിറയെയുള്ള കറിക്കകത്ത് ഒരു ഗ്രാം കായത്തിന് യാതൊരു പ്രഭാവവും ഉണ്ടാക്കാൻ കഴിയുകയില്ല. എന്നാൽ ഒരു ഗ്രാം കായം കൊണ്ടു കടുകുവറുത്താലോ? ആ കറി മുഴുവനും സുഗന്ധിതമായി തീരും. മുളകിന്റെ കാര്യവും അതുപോലെ തന്നെയാണ് പദാർത്ഥങ്ങൾ അഗ്നിയിൽ ഇടുന്നതുകൊണ്ട് അതിന്റെ ഭേദകശക്തി വർദ്ധിക്കുകയാണ് ചെയ്യുന്നുത്. ഇത് മറ്റൊരു നിയമമായ 'Grahm's Law of Diffusion of Gases' എന്നതിന്റെ അടിസ്ഥാനത്തിലാണ്.

ഗ്യാസ് എത്രയും സൂക്ഷ്മമാകുമോ അത്രയും കൂടുതൽ അത് വായുവിൽ ലയിക്കുകയാണ് ചെയ്യുന്നത്. ഈ കാര്യം യജുർവ്വേദം 6/16 ലും പറഞ്ഞിട്ടുണ്ട്. "സ്വാഹാകൃതേ ഊർധ്വനഭസം മാരുതം ഗച്ഛതം" യജ്ഞത്തിൽ സ്വാഹാ പറഞ്ഞ് ആഹുതി ചെയ്യുമ്പോൾ വായുമുകളിൽ ആകാശത്തേക്ക് ഉയരുന്നു. കേസരം, കസ്തൂരി, പുഷ്പം, പനിനീർപ്പൂവ് തുടങ്ങിയവ വീട്ടിൽ വച്ചിരുന്നാൽ വീട്ടിലെ അശുദ്ധവായുവിനെ പുറം തള്ളി ശുദ്ധവായുവിനെ പ്രവേശിപ്പിക്കാനുള്ള ശക്തി അതിനില്ല. കാരണം അതിന് ഭേദകശക്തി ഇല്ല. അഗ്നിക്കു മാത്രമേ ആ കെട്ടിനിൽക്കുന്ന വായുവിനെ ഛിന്നഭിന്നമാക്കി പുറംതള്ളാനും പവിത്രവായുവിനെ കയറ്റിവിടാനും ഉള്ള ശക്തിയുള്ളു. സുഗന്ധ വസ്തുക്കളുടെ ഗന്ധം ദുർഗന്ധയുക്തമായ വായുവുമായി ചേർന്ന് കുഴഞ്ഞു കിടക്കുകയേ ഉള്ളു. അത് അങ്ങനെ തന്നെ കിടക്കുന്നതിനാൽ വെളിയിലുള്ള ശുദ്ധവായു അങ്ങോട്ട് പ്രവേശിക്കുകയുമില്ല. ഇതിൻ നിന്ന് ഒരു കാര്യം മനസ്സിലാക്കണം. ഋഷിമാർ വായുശുദ്ധിക്കുവേണ്ടി അഗ്നിഹോത്രം സ്വീകരിച്ചത് അന്ധവിശ്വാസം കൊണ്ടല്ല, ശാസ്ത്രീയമായ അടിത്തറയുണ്ടെന്നു മനസ്സിലാക്കിയിട്ടാണ്.

*(തുടരും)*

*(മുൻ ലക്കത്തിന്റെ തുടർച്ച)*



# ധർമ്മ പാഠങ്ങൾ

## (വൈദികധർമ്മ പ്രശ്നോത്തരി)

*– പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

*തർജ്ജമ: കെ.എം. രാജൻ*

*പാഠം– 5*

## വർണ്ണ ധർമ്മം

***ചോദ്യം:*** ഈ വർണ്ണ പരിവർത്തനത്തെക്കുറിച്ച് ഏതെങ്കിലും പ്രാചീന ഉദാഹരണങ്ങൾ നൽകാനാവുമോ ?

***ഉത്തരം:*** ധാരാളം ഉദാഹരണങ്ങളുണ്ട്. ഏതാനും ചിലതിവിടെ പറയാം. ക്ഷത്രിയകുലത്തിൽ ജനിച്ച വിശ്വാമിത്രൻ തപസ്സ്, വിദ്യ എന്നീ ഗുണങ്ങളാൽ ബ്രാഹ്മണനായിതീർന്നു. വൈശ്യന്റെ പുത്രനായ വസിഷ്ഠൻ പ്രസ്ദ്ധ ഋഷിയും സൂര്യവംശരാജാക്കൻമാരുടെ കുലഗുരുവുമായിതീർന്നു. ഒരു ചണ്ഡാലപുത്രനായിട്ടുകൂടി പരാശര മുനി (വ്യാസമഹർഷിയുടെ പിതാവ്) വലിയ ഋഷിയായി തീർന്നു. മഹാഭാരതം, വേദാന്ത ശാസ്ത്രം എന്നിവയുടെ കർത്താവായ വേദവ്യാസൻ സത്യവതി എന്നു പേരായ ഒരു മുക്കുവസ്ത്രീയുടെ മകനായിരുന്നു. വളരെ പ്രസിദ്ധനുമായിതീർന്നു.

*ജാതോ വ്യാസസ്തു കൈവർത്യാ: സ്വപാക്യാശ്ച പരാശരഃ |*

*ഭൃഗിജോഥർഷ്യ ശൃംഗോപി വസിഷ്ഠോ ഗണികാത്മജഃ ||*

*..ബഹവോന്യേപി വിപ്രത്വം പ്രാപ്താ യേ പൂർവ്വമദ്വിജാഃ*

ഭവിഷ്യപുരാണം അദ്ധ്യായം 43 തുടങ്ങിയ ശ്ലോകങ്ങൾ ഈ വിഷയത്തിൽ സ്പഷ്ടതതരുന്നു.

മതംഗൻ ചണ്ഡാലകുലത്തിൽ പിറന്നിട്ടു പോലും തന്റെ ഗുണങ്ങളാൽ ഋഷിയായിതീർന്നു. കണ്വന്റേയും കശ്യപന്റേയും പ്രബോധനങ്ങൾ കേട്ട് മിശ്രദേശത്തിലെ (ഇപ്പോഴത്തെ ഈജിപ്ത്) 1000 മ്ലേച്ഛൻമാർ ബ്രാഹ്മണനായിതീർന്നെന്ന് ഭവിഷ്യപുരാണം 3.4.20 ൽ പറയുന്നു.

*മിശ്രദേശോദ്ഭവാ മ്ലേച്ഛാ: കാശ്യപേനൈവ ശാസിതാഃ |*

*സംസ്കൃതാ: ശൂദ്രവർണ്ണേന ബ്രഹ്മവർണ്ണമുപാഗതാഃ ||*

*ശിഖാസൂത്രം സമാധായ പഠിത്വാ വേദമുത്തമമ് ||*

*യജ്ഞൈശ്ച പൂജയാമാസു : ദേവദേവം ശചീപതിം ||*

*സഹസ്രംതു സ്മൃതാ സംഖ്യാ പുരുഷാണാം ദ്വിജൻമനാമ് ||* ☞

**കുർവന്നേവേഹ കർമ്മാണി ജിജീവിഷേച്ഛതങ് സമാഃ** *(യജു. 40–2)*

നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!

കൂടുതൽ ഉദാഹരണങ്ങൾ ഇനിയും നൽകാവുന്നതാണ്. സ്ഥലപരിമിതികാരണം ഇവ മാത്രമേ നൽകുന്നുള്ളൂ. പൃഷധ്രനെന്ന ക്ഷത്രിയനെ, ഗോവധം, ഗുരുവധം എന്നിവ ചെയ്തതിനാൽ ശൂദ്രനാക്കി മാറ്റി.

*പൃഷ്ധസ്തു ഗുരുഗോവധാച്ഛൂദ്രത്വമഗമത്*

*മാർക്കാണ്ഡേയ പുരാണം (11.02.25)*

***(തുടരും)***

*സ ഇദ്ദേവേഷു ഗച്ഛതി||(1-1-4)*

സർവവ്യാപിയായ ആ പരമേശ്വരന്റെ കൃപ നേടി വിദ്യാദിയായ സമ്പത്തുകളെ ദാനം ചെയ്ത് ജീവി ഹിംസ ചെയ്യാതെ യജ്ഞം എന്ന അഗ്നിഹോത്രം ചെയ്യുന്നവർ- ജ്ഞാനികൾ മൂലം ലോകം സർവ്വസുഖങ്ങളും അനുഭവിച്ച് പുരോഗമിക്കുന്നു.

***(തുടരും)***

***(മുൻ ലക്കത്തിന്റെ തുടർച്ച)***




***അദ്ധ്യായം 2***

## *അഗ്നി സൂക്തം*

ഇനി ഋഗ്വേദത്തിന്റെ ആദ്യസൂക്തമായ അഗ്നി സൂക്തം മനനം ചെയ്യാം.

***ഋഗ്വേദം – അഗ്നിസൂക്തം***

***ഒന്നാം മണ്ഡലം ഒന്നാം സൂക്തം***

അഗ്നി = ഈശ്വരൻ, യാഗാഗ്നി, തീ, ജനതയേ മുന്നോട്ട് നയിക്കുന്ന നേതാവ്, ജീവാത്മാവ്

കുറിപ്പ്: വേദം ഓതുമ്പോൾ ആദ്യം പ്രണവമന്ത്രം ചൊല്ലുന്നു. ഓരോ മന്ത്രത്തിനു മുമ്പും ഇപ്രകാരം ചെയ്യണമെന്ന് ഋഷിമാർ നിർദ്ദേശിച്ചിട്ടുണ്ട്.

*ഓം അഗ്നിമീളേ പുരോഹിതം*

*യജ്ഞസ്യ ദേവമൃത്വിജമ്|*

*ഹോതാരം രത്നധാതമമ്|| (1-1-1)*

സർവ്വലോകങ്ങളെയും സൃഷ്ടിച്ച ഈശ്വരനെ സ്തുതിക്കുന്നു. അദ്ദേഹം അഗ്നി-നമ്മേ മുന്നോട്ട് നയിക്കുന്നവൻ-വഴികാണിക്കുന്നവൻ-എല്ലാം ചെയ്യുന്നവൻ, സ്വയം പ്രകാശസ്വരൂപനായി എല്ലാറ്റിനെയും പ്രകാശിപ്പിക്കുന്നവൻ, സർവ്വഐശ്വര്യങ്ങളും ഉള്ള ഈ ജഗത്ത് അദ്ദേഹത്തേ ആശ്രയിച്ചുവർത്തിക്കുന്നു. അദ്ദേഹത്തേ ശരണം പ്രാപിക്കുന്നു.

*ഓം അഗ്നി: പൂർവ്വേഭി ഋഷിഭിരീഡ്യോ നൂതനൈരുതഃ|*

*സ ദേവാം ഏഹ വക്ഷതി||(1-1-2)*

അദ്ദേഹം അന്നും ഇന്നും വിദ്വാന്മാരാലും മറ്റുള്ളവരാലും സ്തുതിക്കപ്പെടുന്നു. നല്ല ഇന്ദ്രിയങ്ങളും ജ്ഞാനവും നൽകി അദ്ദേഹം ഈ ലോകത്തേ നമുക്കായി തന്നിട്ടുണ്ട്.

*ഓം അഗ്നിനാ രയിമശ്നവത് പോഷമേവ ദിവേദിവേ|*

*യശസം വീരവർത്തമമ്||(1-1-3)*

ഓരോ ദിവസവും അദ്ദേഹത്തേ സ്തുതിച്ച് നമസ്കരിക്കുന്നവർ ധനവും സമ്പത്തും യശസ്സും വീര്യവുമുള്ളവരാകുന്നു.

*ഓം അഗ്നേ യം യജ്ഞമധ്വരം വിശ്വത: പരിഭൂരസി|*

***(മുൻ ലക്കത്തിന്റെ തുടർച്ച)***

## ?= സംശയ നിവാരിണി
### സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**

തർജ്ജമ: സുരി



**മേ**ൽ വിവരിച്ച മന്ത്രം നിരുക്തത്തിലും (14/30) മുണ്ഡകോപനിഷത്തിലും (3.1.1)വ്യാഖ്യാനിച്ചിട്ടുണ്ട്. മൂന്ന് അനാദിതത്ത്വങ്ങളെ വ്യാഖ്യാനിക്കുന്ന വേറെയും മന്ത്രങ്ങളുണ്ട്.

*ത്രയ: കേശിന രൂപമ് ||(ഋഗ്വേദം 1/164/44)*

*അസ്യ സപ്തപുത്രമ് ||(ഋഗ്വേദം 1/164/1, ഋഗ്വേദം 10/5/7, അഥർവ്വം 5/35, ഋഗ്വേദം 1/50/10, ഋഗ്വേദം 6/66/3.)*

*ത്രയ: കേശിന ഋതുഥാ വി ചക്ഷതേ സംവത്സരേ*

*വപത ഏക ഏഷാമ് |*

*വിശ്വമേകോ അഭി ചഷ്ടേ ശചിഭിർധ്രാജിരേകസ്യ*

*ദദൃശേ ന രൂപമ് ||*

(*ഋഗ്വേദം 1/164/44*)

മൂന്ന് തത്ത്വങ്ങൾ സമയാനുസരണം കൂട്ടായി പ്രവർത്തിക്കുന്നു. ഒന്ന് വിശ്വത്തിന്റെ ബീജ വപനം നടത്തുന്നു (ഇത് ആത്മാവാണ്). തന്റെ ശക്തിയാൽ സമ്പൂർണ്ണ വിശ്വത്തിന്റെ നിർമ്മാണവും സംരക്ഷണവും ഒരാൾ (പരമാത്മാവ്) നടത്തുന്നു. ഗതിശീല രൂപത്തേ കാണിക്കുന്നുവെങ്കിലും രഹസ്യമയമായ രൂപമില്ലാത്ത തത്ത്വം (പ്രകൃതി) ഇവയാണ്.

(ചമുപതി എം. എ. യുടെ അനാദിതത്ത്വം എന്ന ലേഖനത്തിനോട് കടപ്പാട്)

*ബാലാദേകമണീയസ്കമുതൈകം നേവ ദൃശ്യതേ |*

*തത: പരിഷ്വജീയസീ ദേവതാ സാ മമ പ്രിയാ ||*

*(അഥർവ്വം 10/8/25)*

ഒന്ന് സൂക്ഷ്മാതി സൂക്ഷ്മമാണ് (ഇത് ആത്മാവാണ്). ഒന്ന് സൂക്ഷ്മമാണെങ്കിലും അതിന്റെ രൂപത്തിന്റെ അനുഭവം കാണപ്പെടുന്നില്ല (ഇത് പ്രകൃതിയാണ്). ഇവക്കെല്ലാമുപരി വ്യാപകനായ ഒരു ദേവതയുണ്ട്. അദ്ദേഹമെനിക്ക് (അർത്ഥാത് സാധകന്) പ്രിയനാണ് (പരമാത്മാവ്). ഇവിടെ രണ്ടെണ്ണത്തേ സമീപസ്ഥമെന്നും ഒന്നിനേ വ്യാപകനെന്നും പറയുന്നു.

**മാതാഭൂമിഃ പുത്രോഹം പൃഥിവ്യാഃ ആനോ ഭൂമിർ വർദ്ധയാദ് വർദ്ധമാനാ** *(അഥർവ്വം. 12.1.12.13)*

ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്. ഈ ഭൂമി മാതാവിന്റെ ഉൽക്കർഷമാണ് എന്റെയും ഉൽക്കർഷം

ഇവ നിരവയവമുള്ളതായതിനാൽ അനാദിയാണ്. അവയവങ്ങളോട് കൂടിയവക്കാണ് ആരംഭം ഉണ്ടാകുന്നത്. അത്യന്ത സൂക്ഷ്മനും വ്യാപകനും അവയവങ്ങളില്ലാത്തവരാണ്. ജീവാത്മാവും പ്രകൃതിയും അനാദിയാണെന്നതിനുള്ള വൈജ്ഞാനിക പ്രമാണമാണിത്.

(ചമുപതി. എം. എ. യുടെ 'അനാദിതത്ത്വ'ത്തോട് കടപ്പാട്)

*ത്രയ: സുപർണ്ണാ ഉപരസ്യ മായൂ നാകസ്യ*

*പൃഷ്ഠേ അധിവിഷ്ടപി ശ്രിതാഃ |*

*സ്വർഗ്ഗാ ലോകാ അമൃതേന വിഷ്ഠാ ഇഷമൂർജം*

*യജമാനസ്യ ദുഹാം ||*

*(അഥർവ്വം 18/4/4)*

***ചോദ്യം:*** 7 ഇത്രയും വലിയ ലോകത്തിന്റെ സൃഷ്ടി ഈശ്വരൻ നടത്തുമ്പോൾ അദ്ദേഹം സ്വയം എത്ര വലിയവനായിരിക്കും ? എങ്ങനെയാണ് അദ്ദേഹം സൃഷ്ടി നടത്തുന്നത് ?

***ഉത്തരം:*** സൃഷ്ടിയേകുറിച്ച് മനസ്സിലാക്കുന്നതിന് മുമ്പ് ആ സൃഷ്ടി കർത്താവിനെപറ്റി മനസ്സിലാക്കാൻ ശ്രമിച്ചാൽ ഈ വിഷയം കുറച്ചുകൂടി എളുപ്പമായിതീരും (പൂർണ്ണരൂപത്തിൽ ഈശ്വരനേ മനസ്സിലാക്കാൻ ആർക്കും സാധിക്കുകയില്ല. അതിനുള്ള കഴിവ് ആർക്കും തന്നെയില്ല.)

***(തുടരും)***

# ARYA SAMAJ CALLING YOU

***- By Baleswar Muni***



**THE PRINCIPLES OF ARYA SAMAJ**

**The** principles of Arya Samaj have been pronounced on all hands to be cosmopolitan i.e they are equally applicable to people of all ages, past, present and future. They may be adopted by any society which seeks Truth, that has its aim of upliftment of humanity. They have in them certainty of beliefs and the rationality of universal truism. Their author, the founder of Arya Samaj, Swami Dayanand has, in framing their principles, given proof of his institutional wisdom, the comprehensive vision of a seer.

These rules emphasize virtues both individual and social and pave the way for the progress both of man individually and of men in collective sense. The principles of the Arya Samaj he founded are an index to his whole outlook on life and duty. They contain, as in an epitome (Summary), the whole view point of the movement he started.

**THE TEN GOLDEN UNIVERSAL PRINCIPLES OF ARYA SAMAJ**

1. The Primeval cause of all genuine knowledge, and all that is known by means of knowledge, is God.

   The first principle states that God is the source of all true knowledge. All true knowledge and every conceivable matter that can be known through various branches of knowledge have only one divine source. At the beginning of universe this knowledge of Jnana was revealed to the Rishis Agni, Vayu, Angira and Aditya, who passed it on those disciples of theirs who were deemed worthy of acquiring it. Thus it was known as 'SHRUTI'. It was only later that it was scripted and was available for the benefit of the entire human race in the form of scripture known as Vedas.

2. God is embodiment of truth, intelligence and bliss and one without form, all powerful, just, kind, unborn, infinite, unchangeable, beginingless, incomparable, fearless, eternal, holy and creator of the universe. He alone is worthy of worship.

   The second Principle describes God. He is the creator of this universe. Nobody can create HIM nor can anybody limit HIS infinity into a finite form. Just as air is present everywhere, yet one can not see it, similarly God who is Omnipresent can not be seen in any form. Physical forms can be destroyed and can perish but God is unborn and undying. He was existing, is existing and will always exist. He is matchless and hence can not have any comparison. He is all knowing. He is supreme, divine force and lord of all living beings. It is only he who is to be worshipped. This principle throws light on the divine qualities of God, whom we must all pay obeisance (deep homage).

   (The third to fifth principles point out to man's duty towards his own self).

3. The Vedas are the books of all true knowledge. It is the paramount duty of all Aryas to read them, to teach them, to hear them and to preach them.

   Man is the unique creation of God bestowed with intellect. He can think and reason. His thinking and reasoning can get direction by the study of Vedas which are the source of true knowledge.

**Na thasya Pratima Asthi Yasya Nama Mahadyashah (Yajurved 31-2)**

There is no measure, no image of that GOD whose name is Great

For enlightening himself as well as others, it is the primary duty of every Arya to read, teach, to hear and propagate the teaching, contained in the Vedas.

4. We must be always ready to accept truth and forsake untruth.

All religions stress upon and extol truth. There is no greater dharma than truth. It is one and the same for all people. One must be ever prepared to accept truth and discard untruth. Truth ultimately prevails. It does not require the support of crutches to establish itself. It is only untruth that has to be proven. A life disciplined by truth purifies the soul of a person and desists him from committing sin. This principle of Arya Samaj directs a person to accept truth from whichever source it comes and unhesitatingly give up untruth however appealing and alluring it may appear.

5. One should do everything according to the dictates of Dharma, i. e. after giving due consideration what is truth and untruth.

One who has accepted the truth in totality does not accept it as principle but imbibe (takes) it so as to transform his inner self. This transformation manifest in his mind, speech and action. All actions are the expressive manifestation of our thoughts. As you think, so you speak. As you speak, so you act. As you act, so you become. Good begets good and evil begets evil. The option are open, the choice is ours. Those who choose the right path, reach their destination and those who take the wrong path are lost in the wilderness. Truth is substantive, untruth is hollow.

So, the fifth principle of Arya Samaj states that all our acts must be performed after thoughtful deliberation (Sixth to tenth principles point out man's duty towards the society).

6. The main object of Arya Samaj is to do (good) to the world i.e. to achieve physical, spiritual and social prosperity of all.

Arya Samaj aims at unitedly benefiting the world by progressing physically, spiritually and socially. By propagation of Yoga, a healthy human race is created which can strengthen society and which can work efficiently and ably and contribute for the progress of society. Arya Samaj also aims at generating an atmosphere for Spiritual progress of mankind. Spiritual upliftment enobles people. This nobility is the outcome of cleansing the inner self of hatred, jealously and enimity. It inculcates the spirit of fraternity thereby creating a society where people live and let live. Social betterment encompasses progress in all fields of life - social, economic and political. It is the endeavour and aim of Arya Samaj to help in creating such a society.

7. Our conduct towards all should be guided by love, righteousness and justice.

The seventh principle refers to our conduct towards others. We must love all living beings. We must strive in establishing universal brotherhood. This must be our prime duty. In dispensing our duties we must give due respect to different categories of people - affections to youngers, love to equals, respect to elders, compassion towards the weak, reverence to the learned, firmness in dealing with injustice and goodwill towards all living beings. Cultivation of these virtuous qualities can make the world a better place to live in.

8. One should dispel ignorance and promote knowledge.

The eighth principle makes it obligatory for the members of Arya Samaj to dispel ignorance and spread knowledge. Ignorance is darkness, knowledge is light. The light of knowledge drives away the darkness of ignorance. It generates an awakening among people to know, to learn and to be enlightened. Arya Samaj is committed to spreading Knowledge by eradicating illiteracy and encouraging people to gain all the knowledge that is contained in Vedas.

9. One should not be content with one's own prosperity but should realize one's own prosperity in the prosperity of all.

Man is selfish by nature. His actions are motivated by self interest. A self centered person lives for himself only. He seldom thinks of the good of others. The ninth principle of Arya Samaj States that he must not be content with his own progress alone, he must strive for the progress of others also. This can be possible when man shed the mantle of selfishness, makes space for others, lives and lets others live. This conveys the message of co-existence and co-operation.

**(To be continued)**
☞

**Ma Bhrathaa Bhraatharam dvikshan Maa swasaara mutha swasaa (Atharva Veda 330.3)**
Let not a brother hate his brother and let not a sister hate her sister

*(മുൻലക്കത്തിന്റെ തുടർച്ച)*

# ജീവിതം ഒരലയാഴി

**ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി**



**എ**ടവത്തിലാണ് എട്ടുതികയുന്നത്. അതിനു മുമ്പത്തേ ധനുവിൽ അച്ഛൻ മരിച്ചു. അദ്ദേഹത്തിന്റെ കർശന നിയന്ത്രണത്തിലായിരുന്നു അതുവരെ. ചങ്ങലക്കിട്ട ശ്വാവെന്നോണം. വെളുപ്പിന് നാലടിച്ചാൽ അച്ഛനുണരും. ഉടനെ കേൾക്കാം. 'പാച്ചാ' എന്നൊരു വിളി ഇടിവെട്ടും പോലെ. പാച്ചൻ വെണ്ണീറിൽ (ചാരം) ചുരുണ്ടുകിടക്കുന്ന ശ്വാവിന് ഏറു കൊണ്ടതുപോലെ പിടഞ്ഞെഴുന്നേൽക്കും. അമ്പലകുളത്തിലാണ് കുളി. കുളിച്ച് അച്ഛന്റെ തേവാരം കഴിയും വരെ പഞ്ചാക്ഷര ജപം തന്നെ. നട്ടെല്ലുവളയാതെ ചമ്രം പടിഞ്ഞിരുന്ന് കൈപ്പത്തി തുടകളിലമർത്തിവെച്ച് കണക്കുപിടിച്ച് ജപിക്കണമെന്നാണ് നിബന്ധന. ലേശമൊന്നിളകിയാൽ പുറത്ത് അടി വീഴുന്നതറിയില്ല. പിന്നെ ഇല്ലത്തുവന്ന് ഔപാസനം, വൈശ്യം (പഞ്ചമഹായജ്ഞങ്ങളിൽപ്പെട്ടവ) മുതലായ അച്ഛന്റെ നിത്യകർമ്മങ്ങൾക്കും പുഷ്പാഞ്ജലി, ഓത്തുനമസ്കാരം ഇത്യാദിക്കും മറ്റുപാസനകൾക്കുമിടയിൽ കിട്ടുന്ന സമയത്ത് പ്രാതലുണ്ണാം. ചൊല്ലിപഠിക്കലായി 12 മണിവരെ. ഉച്ചഭക്ഷണമായി പിന്നെ. അത് കഴിഞ്ഞാൽ അച്ഛനൊരു പൂച്ച ഉറക്കമുണ്ട്. അരമണിക്കൂർ. ആ ഒഴിവാണ് കളിക്കാനുള്ള – അല്ലാ സ്വതന്ത്രമായി ശ്വസിക്കാനുള്ള സമയം. 'പാച്ചാ' എന്ന നാമത്തോടയാണദ്ദേഹം ഉണരുക. പിന്നെ ഊക്കാറാവും (സായം സന്ധ്യ) വരെ ഒഴിവില്ല. അതേ ഇരിപ്പ്. അതേ സഹസ്രനാമം. കൂട്ടിലിട്ട തത്തക്കൊത്ത് കഴിഞ്ഞുപോയി 7 വർഷങ്ങളും 7 മാസങ്ങളും. എത്രകഠോരമായിരുന്നെന്നോ! അദ്ദേഹത്തിന്റെ ശിക്ഷണം? ഹാവൂ! നിരീച്ചാൽ ഇപ്പോഴും കിടുകിടാവിറയ്ക്കും.

അന്നൊരിക്കൽ ഓപ്പോളെ പാട്ടു പഠിപ്പിക്കാൻ കൊണ്ടു പോകുകയായിരുന്നു അമ്മ. എനിക്കും മോഹം തോന്നി. ഞാൻ പുറപ്പെട്ടപ്പോൾ അച്ഛൻ തല്ലുമെന്ന് പറഞ്ഞ് അമ്മ വിലക്കി. എനിക്ക് എന്തെന്നില്ലാത്ത ദ്വേഷ്യം തോന്നി. 'ഞാനൊരു പെണ്ണായിരുന്നെങ്കിൽ – പെൺകിടാങ്ങൾക്ക് ഒന്നിനുമൊരു വിലക്കില്ല'. എവിടേക്ക് വേണമെങ്കിലും അമ്മയോടൊപ്പം പോകാം. ഉപ്പിട്ട് വാർത്ത കഞ്ഞികുടിക്കാം. ഉണ്ണികൾക്ക് കഞ്ഞിയിൽ ഉപ്പിട്ട് കുടിക്കാൻ പാടില്ലത്രെ. എന്തുകൊണ്ടെന്നു ചേദിച്ചാൽ തർക്കുത്തരമാവും. തല്ല് റെഡിയാണ് പിന്നെ. ഉള്ളി ചമ്മന്തി കട്ടെടുത്തൊരു ദിവസം അത് കൂട്ടി കഞ്ഞി കുടിച്ചതോർക്കുന്നു. ഉള്ളി സ്വാത്വികാഹാരമല്ല. ഉത്തേജകമാണത്രെ. അതുകൊണ്ട് അത് ഉണ്ണികൾക്ക് നിഷിദ്ധമാണ്. എന്തൊരു സ്വാദാണെന്നോ ഉള്ളി ചമ്മന്തിക്ക്. പച്ചമാങ്ങയും നാളികേരവും ഉള്ളിയും മുളകും ഉപ്പുംകൂട്ടി അരച്ചത്. കുറച്ച് വെളിച്ചെണ്ണയും ചേർത്താൽ വിശേഷമായി. അത് പെൺകിടാങ്ങൾക്ക് പരസ്യമായി കൂട്ടാം. കപ്പയും നിഷിദ്ധമല്ലവർക്ക്. വികാരോദ്ദീപകവും ബുദ്ധിമാന്ദ്യവും വരുത്തുന്നതാണത്രെ അവയൊക്കെ. പെണ്ണുങ്ങൾ അത്ര ബുദ്ധിമതികൾ ആകേണ്ടതില്ലെന്നാണ് അമ്മ പറയാറ്. അതുകൊണ്ടാണത്രെ ഉണ്ണികൾക്ക് നിഷിദ്ധമായത്. മണ്ണ് വളക്കൂറില്ലാത്തതാണെങ്കിൽ 'വിത്തുഗുണം പത്തു ഗുണം' എന്ന ചൊല്ലിനെന്തർത്ഥം, പിന്നെ? അതിൽ ഉത്തമോത്തമങ്ങളായ വിത്തുകൾ വിതച്ചിട്ടെന്തു നേട്ടം? അതിൽ നിന്നുണ്ടാകുന്ന ധാന്യമണികൾ പതിരായ് പോകയല്ലേയുള്ളൂ? സ്ത്രീയേ മസ്തിഷ്ക പ്രക്ഷാളനം ചെയ്ത് അടിമയാക്കുന്ന പുരുഷമേധാവിത്വ സ്വാർത്ഥ സിദ്ധാന്തത്തോടെന്തുപറയാൻ? ഈശ്വര പ്രണീത വേദ വ്യാഖ്യാനമായ ഋഷി പ്രണീത ബ്രാഹ്മണത്തിന് വേദ സംജ്ഞ നൽകാൻ സൂത്രംചമച്ച് സമൂഹത്തെ കബളിപ്പിച്ച വിദ്വാന്മാർക്ക് ചെയ്യാനരുതാത്തതൊന്നുമില്ലല്ലോ. കഷ്ടമെന്നേ പറയേണ്ടു. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്ന സ്മൃതിവാക്യത്തിന്റെ ദുർവ്യാഖ്യാനമല്ലെ ഇതിന്റെ പിന്നിൽ? അതെ സംശയം ലേശമില്ല. സതി, സീത, സാവിത്രി, ഗാർഗി മുതലായ അനേകം അനേകം വിലമതിക്കാനാകാത്ത സഹധർമ്മിണീ രത്നങ്ങൾ തപം ചെയ്തു വളർത്തിയെടുത്ത സനാതന, സസ്യശ്യാമള, സുസംസ്കൃത പാരമ്പര്യമാർന്ന പുണ്യഭൂമിയേ മണൽ കാടാക്കി മാറ്റി കാമികളും ഭോഗാസക്തരും, കുടിലമതികളും, ദീർഘസൂത്രികളും, അഹങ്കാരികളും, സ്വാർത്ഥമതികളുമായ ഈ ഹരിശ്ചന്ദ്രവേഷാധികാരികൾ കഷ്ടാതികഷ്ടം തന്നെ!

*(തുടരും)*

## ദയാനന്ദ സന്ദേശം വരിസംഖ്യാ വിവരണം

ദയാനന്ദ സന്ദേശത്തിന്റെ ഒറ്റപ്രതി വില 5 രൂപയാണ്. വാർഷിക വരിസംഖ്യ 60 രൂപ. ദീർഘകാലവരിസംഖ്യ 1000 അടയ്ക്കുന്നവർക്ക് ഒരു വൈദിക ഗ്രന്ഥം സൗജന്യമായി അയച്ചുകൊടുക്കുന്നതാണ്. കൂടാതെ വെള്ളിനേഴി ആര്യസമാജം പ്രസിദ്ധീകരിക്കുന്ന ഗ്രന്ഥങ്ങൾ 10 ശതമാനം വിലക്കുറവിലും നൽകുന്നതാണ്. വരിസംഖ്യയും ദാനവും "ആര്യ സമാജം വെള്ളിനേഴി" എന്ന പേരിലെടുത്ത പഞ്ചാബ് നാഷണൽ ബാങ്ക് ചെർപ്പുളശ്ശേരി ബ്രാഞ്ചിൽ മാറ്റാവുന്ന ഡ്രാഫ്റ്റ്/ചെക്ക്/എം.ഒ ആയി ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതി ഭവൻ, വെള്ളിനേഴി – 679 504 എന്ന വിലാസത്തിൽ അയ്ക്കുക. **ഔട്ട് സ്റേറഷൻ ചെക്ക് അയക്കുന്നവരും പണം നേരിട്ട് ബാങ്കിൽ അടക്കുന്നവരും 28 രൂപ ബാങ്ക് ചാർജ്ജിനത്തിൽ അടക്കേണ്ടതാണ്.** വരിസംഖ്യ കുടിശ്ശിക ആയവർ ഉടൻ പുതുക്കി സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു. ദയാനന്ദ സന്ദേശത്തിന്റെ വരിക്കാരായി ചേർന്ന് വേദപ്രചാരണത്തിൽ പങ്കാളികളാകുക. 10 പുതിയ വരിക്കാരെ ചേർക്കുന്നവർക്ക് ഒരു വൈദിക സഹിത്യം സമ്മാനമായി ലഭിക്കും.

☞

## ഋഷി ദയാനന്ദൻ ഭാരതത്തെ ഉണർത്തി

ദീർഘനിദ്രയിലാണ്ടുകിടന്ന ഭാരതത്തെ ഋഷിദയാനന്ദൻ ഉണർത്തി. സ്വരാജ്യത്തിന്റെ സർവ്വപ്രഥമ സന്ദേശവാഹകനും മാനവതയുടെ ഉപാസകനുമായിരുന്നു അദ്ദേഹം.

**ലോകമാന്യ ബാലഗംഗാധര തിലകൻ**

*(മുൻ ലക്കത്തിന്റെ തുടർച്ച)*

## ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം

*മഹർഷി ദയാനന്ദ സരസ്വതി*

*തർജ്ജമ: കെ.എം. രാജൻ*

### മൂന്നാം പ്രഭാഷണം (ധർമ്മാധർമ്മം)




**8.ധി:-** ധീ എന്നാൽ ബുദ്ധി. എല്ലാ പ്രകാരത്തിലും ബുദ്ധിയേ വികസിപ്പിച്ച് അതിനനുസരിച്ചുള്ള ആചരണങ്ങൾ നടത്തണം. ശരീരബലമില്ലെങ്കിൽ ബുദ്ധിബലം കൊണ്ടെന്തു നേട്ടം? അതിനാൽ ശരീരബലം സമ്പാദിക്കാനും അതിന്റെ സംരക്ഷണം നടത്തുവാനും വളരെ പ്രയത്നിക്കണം.

**9.വിദ്യ:** യോഗസൂത്രത്തിൽ അവിദ്യയുടെ ലക്ഷണങ്ങളെ കുറിച്ച് പറയുന്നുണ്ട്.

*അനിത്യശുചിദുഃഖാനാത്മസു*

*നിത്യശുചിസുഖാത്മഖ്യാതിരവിദ്യാ |*

*തസ്യ ഹേതുരവിദ്യാ |*

*(യോഗദർശനം 2.5,2.24)*

വിഷയാസക്തി, ഐശ്വര്യഭ്രമം, അഭിമാനം ഇവയാണ് അവിദ്യ. നിരവധി പുസ്തകങ്ങൾ പഠിക്കുന്നതിലൂടെ വിദ്യ ഉത്പന്നമായി എന്നു പറയാനാവില്ല. പഠനം ഈ വിദ്യക്കുള്ള സാധനയാണ്. യഥാർത്ഥത്തിൽ ദർശനമാണ് വിദ്യ (യഥാവിഹിത ജ്ഞാനമാണ് വിദ്യ). യഥാർത്ഥ ജ്ഞാനത്തിനു വിരുദ്ധമായത് ഭ്രമമാണ്. വിദ്യയിൽ ഭ്രമമില്ല.

'അനാത്മനി ആത്മബുദ്ധിഃ' 'അശുചി പദാർത്ഥേ ശുചിബുദ്ധി'. ഇത് ഭ്രമമാണ്. ഇത് അവിദ്യയുടെ ലക്ഷണമാണ്. ഇതിനു വിരുദ്ധമായ ലക്ഷണമുള്ളത് വിദ്യ.

ഏതൊരു വ്യക്തിക്കാണോ താൻ ധനാഢ്യനോ വലിയ രാജാവാണെന്ന അഭിമാനമോ തോന്നുന്നത് അത് അവിദ്യയാണ്. രണ്ടാമതായി ശരീരത്തിന് ക്ഷീണമുണ്ടാകുന്നത് അവിദ്യയുടെ കാരണമാണ്. അതിനാൽ എല്ലാവിധ വിദ്യകളും നേടാൻ പ്രയത്നിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ നാട്ടിൽ ബാല്യാവസ്ഥയിൽ തന്നെ വിവാഹം നടത്തുന്ന രീതികാരണം വിദ്യാസമ്പാദനത്തിന് തടസ്സം നേരിടുന്നു. അപവിത്ര പദാർത്ഥങ്ങളിൽ പവിത്രതകാണുന്നത് അവിദ്യയാണ്. ഈശ്വര ധ്യാനം പൂർണ്ണവിദ്യയാണ്. എല്ലാവിദ്യകളുടേയും അടിസ്ഥാനവുമതാണ്. ഏതെങ്കിലും ദേശത്ത് ഈ വിദ്യക്ക് ലോപം നേരിട്ടാൽ ആ ദേശത്തിന് ദുർദശയായിരിക്കും.

**10.സത്യം:** മൂന്നുപ്രകാരത്തിലുണ്ടിത്. സത്യ-ഭാവം, സത്യ-വചനം, സത്യക്രിയ എന്നിങ്ങനെ സത്യ-ഭാവന ഉണ്ടാവണം. സത്യം പറയണം സത്യമാചരിക്കുകയും വേണം. മറ്റൊരു വികൽപ്പവും മനസ്സിലുണ്ടാവരുത്. അസത്യത്തേ തള്ളിക്കളയണം. വികൽപ്പത്തേക്കുറിച്ച് യോഗസൂത്രത്തിൽ പറയുന്നു.

*ശബ്ദജ്ഞാനാനുപാതി വസ്തുശൂന്യോ വികൽപ്പഃ |*

*(യോഗദർശനം 1.9)*

സംഭവിക്കുന്നത് എന്താണ് സംഭവിക്കാത്തത് എന്താണ് എന്നതിനെകുറിച്ച് ചിന്തിക്കണം. കുംഭകർണ്ണനേക്കുറിച്ച് തുളസീദാസ് പറയുന്നത് നോക്കുക.

ജോജൻ ഏക് മൂംച്ഛ് രഹീ ധാഢീ, ജോജൻ ചാർ നാസികാ ബാഢീ

ദക്ഷിണദേശത്ത് 'ദേവമാമലേദാർ' എന്ന ഒരു സന്യാസി ഉണ്ടായിരുന്നു. അദ്ദേഹത്തേക്കുറിച്ച് ഒരു കഥയുണ്ട്. ഏതാനും വാക്കുകളുടെ ഉച്ചാരണം കൊണ്ട് അദ്ദേഹം ഒരു പുരുഷനെ സ്ത്രീയാക്കി മാറ്റിയത്രെ. ഇത്തരത്തിലുള്ള സംഭവിക്കാൻ സാധ്യതയില്ലാത്ത നിരവധി തെറ്റിദ്ധാരണകൾ നമ്മുടെ ദേശത്ത് അടിയുറച്ചുകഴിഞ്ഞിരിക്കുന്നു. അതിനാൽ പ്രമാണങ്ങളുടെ സഹായത്താൽ അർത്ഥവിവേചനം നടത്തി നോക്കുന്നതിലൂടെ തെറ്റ് എന്താണെന്നും യഥാർത്ഥ വസ്തുത എന്താണെന്നും തീരുമാനിക്കാനാകും.

*(തുടരും)*

## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ

### ആചാര്യ ആര്യഭാസ്കർജിക്ക് ശ്രദ്ധാഞ്ജലി

കേരളത്തിലെ പ്രമുഖ വേദപണ്ഡിതനും ആര്യസമാജ പ്രചാരകനുമായിരുന്ന ആചാര്യ ആര്യഭാസ്കർജി കഴിഞ്ഞ ദിവസം ഇഹലോകവാസം വെടിഞ്ഞു. അദ്ദേഹത്തിന് ആദാരാഞ്ജലികൾ അർപ്പിച്ചുകൊള്ളുന്നു. ഏതൊരു ലക്ഷ്യപ്രാപ്തിക്കുവേണ്ടിയാണോ ആചാര്യജി ജീവിതകാലം മുഴുവൻ പ്രയത്നിച്ചത്, വേദപ്രചാരണമെന്ന ആ പ്രവർത്തനം തുടർന്നുകൊണ്ടുപോകാൻ നമുക്കൊത്തരുമിച്ച് ശ്രമിക്കാം. അതായിരുക്കും അദ്ദേഹത്തിനുള്ള ശ്രദ്ധാഞ്ജലി. ആചാര്യ ആര്യഭാസ്കർജിയെകുറിച്ചുള്ള വിശദമായ ഒരനുസ്മരണകുറിപ്പ് അടുത്തലക്കത്തിൽ പ്രസിദ്ധീകരിക്കുന്നതാണ്.

**പത്രാധിപർ**

### ആര്യോദയം 2013

മഹർഷി ദയാനന്ദന്റെ സന്ദേശം കൂടുതൽ ജനങ്ങളിലേക്ക് എത്തിക്കാനും തദ്വാര സമൂഹത്തിൽ നടമാടുന്ന തിന്മകൾക്കെതിരെ ബോധവൽക്കരണം നടത്തുക എന്നുമുള്ള സദുദ്ദ്യേശത്തോടെ 'ആര്യോദയം 2013' എന്ന ഒരു പരിപാടി സെപ്റ്റംബർ 14 ന് വെള്ളിനേഴിയിൽ വെച്ച് നടത്തുന്നു. ആര്യജഗത്തിലെ ഉന്നതസന്യാസി ശ്രേഷ്ഠന്മാർ പങ്കെടുക്കുന്ന ഈ മഹത്സംരംഭത്തിലേക്ക് ഏവരെയും ക്ഷണിച്ചുകൊള്ളുന്നു.

കാര്യദർശി, ആര്യസമാജം

**Om Krinvantho Vishwamaaryam (Rigveda 9.63.5)**

Make this world Enlightened.

## ആര്യജഗത്തിൽ നിന്നുള്ള വാർത്തകൾ




വെള്ളിനേഴി ആര്യസമാജത്തിന്റെ നേതൃത്വത്തിൽ ജൂലൈ 19,20,21 തിയ്യതികളിൽ ഒറ്റപ്പാലത്ത് വെച്ച് (പണ്ഡിറ്റ് ഋഷിറാം നഗർ) 'സത്യപ്രകാശം' എന്ന വൈദിക ശില്പശാല നടന്നു. അജ്മീറിലെ മഹർഷി ദയാനന്ദ ആർഷ ഗുരുകുലത്തിലെ ആചാര്യ സോമദേവ്ജി, ബാലേശ്വർ മുനി വാനപ്രസ്ഥി എന്നിവരുടെ നേതൃത്വത്തിൽ നടന്ന ശിബിരത്തിൽ സന്ധ്യാവന്ദനം, അഗ്നിഹോത്രം, വേദപരിചയം, ആര്യസമാജസിദ്ധാന്തങ്ങൾ തുടങ്ങി വിവിധ വിഷയങ്ങൾ പാഠ്യവിഷയമായി. വിദ്യാഭാരതി ദക്ഷിണക്ഷേത്രം അദ്ധ്യക്ഷനും പ്രശസ്ത സംസ്കൃത പണ്ഡിതനുമായ ഡോ.പി.കെ. മാധവന്റെ അദ്ധ്യക്ഷതയിൽ നടന്ന ഉദ്ഘാടന യോഗത്തിൽ ആചാര്യ സോമ്ദേവ്ജി ശിബിരം ഔപചാരികമായി ഉദ്ഘാടനം ചെയ്തു. സർവ്വശ്രീ. വി. ഗോവിന്ദദാസ്, ടി. ആർ. ബാലചന്ദ്രൻ നായർ, കെ.എം. രാജൻ എന്നിവരും തദവസരത്തിൽ സംസാരിച്ചു.

വർഗ്ഗ - വർണ്ണ വ്യത്യാസങ്ങളില്ലാതെ മുഴുവൻ മനുഷ്യരെയും ശ്രേഷ്ഠവിചാരങ്ങളിലേക്കും വിശിഷ്ടങ്ങളായ ആചാരങ്ങളിലേക്കും നയിക്കുന്ന വേദമന്ത്രങ്ങൾ അർത്ഥം അറിഞ്ഞ് പഠിക്കുവാനും ജീവിതത്തിൽ പകർത്തുവാനും, ലോകത്തെ ശ്രേഷ്ഠമാക്കുവാനും എല്ലാവരും പരിശ്രമിക്കേണ്ടതാണെന്ന് ഡോ.പി.കെ. മാധവൻ തന്റെ അദ്ധ്യക്ഷഭാഷണത്തിൽ അഭിപ്രായപ്പെട്ടു. വേദതത്ത്വങ്ങളെ ആധുനിക ജീവിതവുമായി സമന്വയിപ്പിക്കുകയും വിജ്ഞാനവും വിവേകവും പകർന്നുതരുകയും ചെയ്യുന്ന മഹർഷി ദയാനന്ദ സരസ്വതിയുടെ സത്യാർത്ഥ പ്രകാശത്തിന്റെ പഠനം ഇതിന് ഏറ്റവും സഹായകമാണെന്നും അദ്ദേഹം തുടർന്ന് പറഞ്ഞു. ഭാരതീയ നവോത്ഥാനത്തിന് നേതൃത്വം നൽകുകയും വിവിധ രംഗങ്ങളിലെ ആചാര്യന്മാർക്ക് മാർഗ്ഗദർശനം നൽകുകയും ഊർജ്ജം പകരുകയും ചെയ്ത മഹർഷിയുടെ ദർശനവും സന്ദേശങ്ങളും ഏതുകാലത്തും പ്രസക്തിയുള്ളവയാണ്. അർത്ഥം അറിയാതെയും തത്ത്വം ഗ്രഹിക്കാതെയുമുള്ള വേദപഠനം അപൂർണ്ണമാണെന്നും അത് അബദ്ധധാരണകളിലേക്കും അനാചാരങ്ങളിലേക്കും നയിക്കുമെന്നും, ഭൗതിക-ആദ്ധ്യാത്മിക രംഗങ്ങളിൽ വിചാരവിപ്ലവം സൃഷ്ടിച്ച സത്യാർത്ഥപ്രകാശത്തെ ആധാരമാക്കിയുള്ള വേദപഠനമാണ് അതിനുള്ള പരിഹാരമാർഗ്ഗമെന്നും ഡോ.പി.കെ. മാധവൻ അഭിപ്രായപ്പെട്ടു.

## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

| | | | |
|---|---|---|---|
| (1) | ബ്രഹ്മയജ്ഞം അഥവാ സന്ധ്യോപാസന | – | ₹ 10 |
| (2) | വേദം – എന്ത്? എന്തിന്? എങ്ങനെ? | – | ₹ 95 |
| (3) | അഗ്നിഹോത്ര വിധി (സ്റ്റോക്ക് പരിമിതം) | – | ₹ 20 |
| (4) | ആര്യോദയം | – | ₹ 10 |
| (5) | ആര്യസമാജം എന്ത്? എന്തിന്? | – | ₹ 10 |
| (6) | സത്യാർത്ഥപ്രകാശം എന്ത്? എന്തിന്? | – | ₹ 10 |
| (7) | വൈദിക നിത്യകർമ്മ വിധി | – | ₹ 20 |
| (8) | Vedas in Story form and Chaturvarnyam | – | ₹ 35 |

*(പോസ്റ്റേജ് ചിലവ് പുറമെ)*

**വൈദിക സാഹിത്യങ്ങൾ വാങ്ങുന്നതിനും അഗ്നിഹോത്രം, ഷോഡശ സംസ്കാരങ്ങൾ എന്നിവ വൈദിക വിധിയനുസരിച്ച് നടത്തുവാനും താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് സ്വന്തം വിലാസം എഴുതിയ സ്റ്റാമ്പു പതിച്ച കവർ സഹിതം താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക.**

**കാര്യദർശി, ആര്യസമാജം, പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ, വെള്ളിനേഴി പി.ഒ., പാലക്കാട് 679504**

## ഉടൻ പ്രസിദ്ധീകരിക്കുന്ന വൈദിക സാഹിത്യം
### *സന്ധ്യ - അഗ്നിഹോത്രം*

വേദാദി ശാസ്ത്രങ്ങളിലൂടെ ഈശ്വരൻ നിർദ്ദേശിച്ചതും സർവ്വമാനവരും നിത്യവും അനുഷ്ഠിക്കേണ്ടതുമായ പഞ്ചമഹായജ്ഞങ്ങളുടെ ഭാഗമായ ബ്രഹ്മോപാസന അഥവാ സന്ധ്യാവന്ദനം, അഗ്നിഹോത്രം (ദേവയജ്ഞം) എന്നിവയും പൗർണ്ണമിക്കും അമാവാസിക്കും ചെയ്യേണ്ടുന്ന ദർശേഷ്ടി, ജന്മദിനാഘോഷം,വിവാഹ വാർഷികം, അക്ഷരാരംഭം എന്നീ വിശേഷാവസരങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രിയകൾ, വൈദിക രാഷ്ട്രഗാനം, ഐകമത്യസൂക്തം, ഭോജനമന്ത്രം, മൃത്യുഞ്ജയ മന്ത്രം തുടങ്ങി വിവിധ വിഷയങ്ങൾ ഉൾക്കൊള്ളുന്ന ഈ ഗ്രന്ഥം എല്ലാ ഗ്രഹങ്ങളിലും ഉണ്ടായിരിക്കേണ്ടതാണ്. മഹർഷി ദയാനന്ദ സരസ്വതി ചിട്ടപ്പെടുത്തിയ വൈദിക വിധികളുടെ മലയാള പരിഭാഷയായ ഈ മഹത്ഗ്രന്ഥം ആവശ്യമുള്ളവർ ഉടൻ കാർഡയച്ചു ബുക്ക് ചെയ്യുക.

***Be a part of Veda Prachar by distributing Vedic Literatures and donate liberally for that***

**Arya Samajam**
**Bank Account No: 4264000100071490**
IFSC Code : PUNB 0426400
**Punjab National Bank- Cherpalcheri Branch**

To

.................................................................................

.................................................................................

.................................................................................

.................................................................................

Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Printed at Ambal Quick Print Shop, Palakkad. Chief Editor: Sri. K. Velayudha Arya. Editor responsible for selecting articles: K.M. Rajan. Editorial Board: T.R. Balachandran Nair, Acharya Sreedhara Shasthry, V. Govinda Das. Advisory Board: Suraj Prakash Kumar (Fakire Dayanand), Brigadier (Retd) Chitranjan Sawant, Dr. Vivek Arya, Vanaprasthi Raju Poonjar. Vyvasthapakan: P. Sivasankaran. For private circulation among members only.

E-mail: dayanandasandesam@gmail.com Visit us : aryasandesam.blogspot.in Ph: 09562529095

***ആര്യൻ നമ്മുടെ പേരാണ്! വേദം നമ്മുടെ മതമാണ്! യജ്ഞം നമ്മുടെ കർമ്മമാണ്! സത്യം നമ്മുടെ വ്രതമാണ്! സേവനമല്ലോ നമ്മുടെ ലക്ഷ്യം!***